(എ) 2003 ഏപ്രിൽ 1 മുതൽ ഇതുവരെയുണ്ടായിട്ടുള്ള ഹർത്താലുകളിലും സമരങ്ങളിലും കെ.എസ്.ആർ.ടി.സി.-യുടെ എത്ര ബസ്സുകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്;

(ബി) ബസ്സുകൾക്ക് നാശനഷ്ടം വരുത്തുന്ന സ്ഥലത്തെ നാട്ടുകാരിൽനിന്നും അതിനുള്ള നഷ്ടപരിഹാരം ഈടാക്കുന്ന നടപടി ഇപ്പോൾ നിലവിലുണ്ടോ;

(സി) പ്രസ്തുത കാലഘട്ടത്തിൽ ഉണ്ടായ ഹർത്താലിന്റെയും സമരത്തിന്റെയും ഫലമായി എന്തു തുകയുടെ നഷ്ടം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായതായി കണക്കാക്കപ്പെടുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 34 ബസ്സുകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1-4-2003 മുതൽ വാഹനങ്ങൾക്കുണ്ടായ കേടുപാടുകൾമൂലം 95,900 രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

ജപ്തി നടപടിമൂലം സർവ്വീസ് നിർത്തലാക്കിയ ബസ്സുകൾ

106 [1245] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലിന്റെ വിധിപ്രകാരം യഥാസമയം വിധിത്തുക കൊടുത്തു തീർക്കാത്തതു കാരണം ജപ്തി നടപടികളിൽപ്പെട്ട് നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തിപ്പിനു ലഭ്യമല്ലാതായിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

30 ബസ്സുകൾ.

മലപ്പുറം ജില്ലയിൽ നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സ് ഷെഡ്യൂളുകൾ

107 [1246] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ കെ.എസ്.ആർ.ടി.സി. ബസ് ഷെഡ്യൂളുകൾ വ്യാപകമായി നിർത്തലാക്കുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം നിർത്തലാക്കിയ ഷെഡ്യൂളുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) നിർത്തലാക്കപ്പെട്ട ഷെഡ്യൂളുകൾ ഉടൻ പുനരാരംഭിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

8.10	പൊന്നാനി-കോഴിക്കോട്
7.00	പൊന്നാനി-കോഴിക്കോട്
13.30	പൊന്നാനി-തിരൂർ-ഹനുമാൻകാവ്
6.20	പൊന്നാനി-കോഴിക്കോട്
7.15	പൊന്നാനി-കോഴിക്കോട്
6.45	പൊന്നാനി-കോഴിക്കോട്
7.50	പെരിന്തൽമണ്ണ-കരുളായി
8.30	പെരിന്തൽമണ്ണ-തിരുവാഴാംകുന്ന്-തൃശ്ശൂർ
14.30	പെരിന്തൽമണ്ണ-നിലമ്പൂർ
5.00	മലപ്പുറം-കോഴിക്കോട് (വഴി കൊണ്ടോട്ടി)
6.30	മലപ്പുറം-കോഴിക്കോട്
13.00	മലപ്പുറം-കോഴിക്കോട്
14.45	മലപ്പുറം-കോഴിക്കോട്
6.10	മലപ്പുറം-കൊണ്ടോട്ടി-എയർപോർട്ട്
6.10	മലപ്പുറം-മഞ്ചേരി-കോഴിശ്ശേരി
11.05	മലപ്പുറം-തിരുവനന്തപുരം
6.45	മലപ്പുറം-വഴിക്കടവ്
7.50	മലപ്പുറം-താമരശ്ശേരി

(സി) ഓപ്പറേറ്റു ചെയ്യപ്പെടാത്തതും രേഖകളിൽ മാത്രം നിലനിർത്തിയിരുന്നതും തീരെ കളക്ഷൻ കുറഞ്ഞതുമായ ഷെഡ്യൂളുകൾ മാത്രമേ റദ്ദ് ചെയ്തിട്ടുള്ളൂ.

(ഡി) തൽക്കാലം പരിഗണനയിലില്ല.

കണ്ണൂർ ജില്ലയിലെ കെ.എസ്.ആർ.ടി.സി.-യുടെ ബസ് സർവ്വീസുകൾ

108 [1247] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കണ്ണൂർ ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ എത്ര ബസ് സർവ്വീസുകൾ ഉണ്ടായിരുന്നു; അവ ഏതെല്ലാം;

(ബി) 2001 മേയ് മാസം മുതൽ നാളിതുവരെ ഏതെല്ലാം കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ജില്ലയിൽ നിറുത്തലാക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) ഇതേ കാലയളവിൽ കണ്ണൂർ ജില്ലയിൽ കെ.എസ്.ആർ.ടി.സി. എത്ര പുതിയ സർവ്വീസുകൾ ആരംഭിക്കുകയുണ്ടായിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly